ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരസ്യം ചെയ്യുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ്, പാൽ സൊസൈറ്റി പ്രതിനിധി, വെറ്ററിനറി ഡോക്ടർ, ബാങ്ക് പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിക്കുകയും ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

1. കുടുംബത്തിലെ ഏതെങ്കിലും ഒരംഗം കാർഷിക കടംമൂലം ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ

2. വിധവകൾ (കുടുംബത്തിൽ മറ്റു വരുമാന മാർഗ്ഗമില്ല/അംഗങ്ങൾക്ക് അസുഖം)

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

4. കാർഷിക കടം നിലവിലുള്ള കുടുംബം

പഞ്ചായത്ത്തല കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ്, ജില്ലാ കളക്ടറുടെ അനുമതിതേടി പദ്ധതി നടപ്പിലാക്കുന്നു.

(ഡി) കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ആകെ 4500 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ തീറ്റയും വിരമരുന്നും ഇൻഷ്വറൻസ് പരിരക്ഷയും നൽകിയിട്ടുണ്ട്. വിദർഭ പദ്ധതി പ്രകാരം കന്നുകുട്ടികളെ വിതരണം ചെയ്യുന്നില്ല.

(ഇ) വിദർഭ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഓരോ പശുവിനും അത്യാവശ്യ ചികിത്സയ്ക്കും ആരോഗ്യ സംരക്ഷണത്തിനുമായി 300 രൂപയുടെ വീതം സഹായം മരുന്നായി നൽകുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കന്നുകുട്ടികൾ ഓരോന്നിനും 7300 രൂപയുടെ ആനുകൂല്യം തീറ്റയായും വിരമരുന്നായും ഇൻഷ്വറൻസ് പ്രീമിയമായും സഹായം നൽകുന്നു.

(എഫ്) വിദർഭ മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 44.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനകം 42.95 കോടി രൂപ ചെലവഴിച്ചു.

ആലുവ നിയോജക മണ്ഡലത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ

95 (5773) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ നിയോജകമണ്ഡലത്തിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തനം നിലച്ചതുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ക്ഷീരസഹകരണസംഘങ്ങൾ ആലുവ മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മണ്ഡലത്തിലെ ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 18 എണ്ണം.

(ബി) പ്രവർത്തനം നിലച്ച ക്ഷീരസഹകരണ സംഘങ്ങൾ ഇല്ല.

(സി) 1 (ഒരെണ്ണം)

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനം

96 (5774) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും മൃഗസംരക്ഷണ മേഖലയിൽ പദ്ധതി ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) മൃഗസംരക്ഷണമേഖലയിൽ പദ്ധതി ഇനത്തിൽ കേന്ദ്ര സഹായ പരിപാടികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) മൃഗസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയിനത്തിൽ മൃഗസംരക്ഷണ വകുപ്പുവഴി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ്

വർഷം	പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2007-08	5394.81	4042.88
2008-09	6992.86	5648.71
2009-10	7569.77	7363.69

LIBRARY ARCHIVES Kerala Legislative Assembly